# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3367 13.03.17 ൽ മറുപടിയ്ക്ക്

### വാഹനങ്ങൾ ഓടിക്കുന്ന വികലാംഗർക്ക് ലൈസൻസ്

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മുച്ചക്ര വാഹനങ്ങൾ ഓടിക്കുന്ന വികലാംഗർക്ക് ഡ്രൈവിംഗ് ലൈസൻസ് നിർബന്ധമാണോ; എല്ലാവരും ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | മുച്ചക്ര വാഹനങ്ങൾ ഓടിക്കുന്ന വികലാംഗർക്ക് ഡ്രൈവിംഗ് ലൈസൻസ് നിർബന്ധമാണ്. ഇത്തരം വാഹനങ്ങൾ ഉപയോഗിക്കുന്ന എല്ലാവർക്കും ലൈസൻസ് ഉണ്ടോ എന്ന കാര്യം വാഹന പരിശോധനകളിൽ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. |
| (ബി) | വികലാംഗർക്ക് മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്യുമ്പോൾ ഗുണഭോക്താക്കൾ ലൈസൻസ് ഉള്ളവരാണോ എന്ന് പരിശോധിക്കാറുണ്ടോ; | (ബി) | ഇല്ല. |
| (സി) | ലേണേഴ്സ് ലൈസൻസിനുള്ള പരീക്ഷ അഭിമുഖീകരിക്കുന്നതിന് ഏറെ ബുദ്ധിമുട്ടുന്ന വികലാംഗർക്ക് സഹായിയെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ലേണേഴ്സ് ലൈസൻസിനുള്ള പരീക്ഷയിൽ വാഹന നിയമങ്ങളെപ്പറ്റിയുള്ള പഠിതാവിന്റെ മിനിമം അറിവുകളാണ് പരീക്ഷിക്കുന്നത്. ഇതിന് സഹായിയെ അനുവദിക്കുക പ്രായോഗികമല്ല. |
| (ഡി) | വാഹനങ്ങൾ ഓടിക്കുന്ന മുഴുവൻ വികലാംഗരും ലൈസൻസ് നേടിയവരാണെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) | വാഹനമോടിക്കുന്ന വ്യക്തികളെല്ലാം നിയമാനുസൃതമായ ലൈസൻസ് ഉള്ളവരാണോ എന്ന പരിശോധന മോട്ടോർവാഹന വകുപ്പ് നിരന്തരമായി നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ